# കുളത്തിൽ കൂത്താടിശല്യം


മത്സ്യം

ഡോ. പി.എ. വികാസ്

സബ്ജക്ട് മാറ്റർ സ്പെഷലിസ്റ്റ്, കെവികെ, കൊച്ചി. e-mail: kvkernakulam@yahoo.co.in




*? എന്റെ വീടിനു പിന്നിൽ ഒരു കുളമുണ്ട്. നിറയെ കൊതുകുമുട്ടയും കൂത്താടിയും. ഇടയ്ക്കിടെ വൃത്തിയാക്കിയാലും വീണ്ടും വരുന്നു. കുളത്തിൽ വരാലുകളെ കാണാറുണ്ട്. കുളത്തിനു ചുറ്റും മരങ്ങൾ ഉണ്ട്. എന്താണ് പ്രതിവിധി.*

**കെ. ശ്രീകുമാർ, പ്രാവിൻകൂട്**

● വെള്ളം കെട്ടിക്കിടക്കുന്ന കുളത്തിൽ കൊതുകുകൾ മുട്ടയിടുന്നതിന് അനുകൂല സാഹചര്യമാണുള്ളത്. കൂത്താടികളെ ഭക്ഷണമാക്കുന്ന മീനുകളെ വളർത്തുകയാണ് പോംവഴി. ഇതിന് ഏറ്റവും യോജ്യം ഗപ്പി മത്സ്യങ്ങളാണ്. എന്നാൽ ഇവയെ കിളികളും മറ്റും പിടിക്കാനിടയുള്ളതിനാൽ കുളത്തിനു മുകളിൽ വലയിട്ട് സംരക്ഷിക്കണം. കുളത്തിൽ ഉണങ്ങിയ ഇലകളും മറ്റും വീഴാതിരിക്കാനും വല ഉപകരിക്കും. ഗപ്പിയെ ഭക്ഷണമാക്കുമെന്നതിനാൽ അവയെ ഇടുന്നതിനു മുൻപ് കുളത്തിൽനിന്നു വരാലുകളെ പിടിച്ചുമാറ്റുക. അതിനു കഴിഞ്ഞില്ലെങ്കിൽ ഗപ്പി മത്സ്യങ്ങളെ വലകൊണ്ടുള്ള ചെറിയ മീൻകൂടുകളുണ്ടാക്കി അവയിൽ വളർത്തുക. ഇവയ്ക്കു പ്രത്യേകം തീറ്റയും നൽകണം. ഈ ഗപ്പികൾക്കുണ്ടാവുന്ന കുഞ്ഞുങ്ങൾ വലകൾക്കിടയിലൂടെ കുളത്തിലേക്ക് പോവുകയും കൂത്താടികളെ തിന്നുകയും ചെയ്യും. ചെറിയ കുഞ്ഞുങ്ങളെ വരാലുകൾ പിടിക്കാൻ സാധ്യത കുറവാണ്. കുറെയെണ്ണത്തിനെ പിടിച്ചാൽതന്നെ ഗപ്പികൾക്ക് ഇടയ്ക്കിടെ കുഞ്ഞുങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുമെന്നതിനാൽ കുളത്തിൽ ഗപ്പികളുടെ എണ്ണം ഗണ്യമായി കുറയില്ല.

